"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. വി. സുരേഷ്കുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2069/2021/ത.സ്വ.ഭ.വ — തീയതി,തിരുവനന്തപുരം, 22/10/2021

പരാമർശം:-
1. സ.ഉ(സാധാ)നം.3584/2017/തസ്വഭവ തീയതി 06.11.2017.
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.07.2021-ലെ ഇ1/12872/2018/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. വി. സുരേഷ്കുമാർ പരാമർശം (1) ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് 07.11.2017 അപരാഹ്നത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി. ടിയാന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

ടിയാൻ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല. കൂടാതെ, ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് ടിയാന്റെ മേൽ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടിയാൻ 31.05.2020-ന് സർവ്വീസിൽ നിന്നും വിരമിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, ശ്രീ. വി. സുരേഷ്കുമാർ-ന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 08.05.2018 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പകർപ്പ് :
1. **ശ്രീ. വി. സുരേഷ്കുമാർ** എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട) *(തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)*
2. **ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ** വകുപ്പ്, തിരുവനന്തപുരം.
3. **അക്കൗണ്ടന്റ് ജനറൽ** (എ & ഇ/ഓഡിറ്റ്) കേരള, **തൃശ്ശൂർ**
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള **മിഷൻ**, തിരുവനന്തപുരം
5. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ